## കുട്ടികളുടെ ഭാഷാവികാസം സുഗമമാക്കാൻ അമ്മയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. കുളിപ്പിക്കൽ, ഭക്ഷണം കൊടുക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുമ്പോഴും കുട്ടിയോട് സംസാരിക്കുകയോ, പാട്ടുപാടി കേൾപ്പിക്കുകയോ ചെയ്യുക. കുട്ടിയുടെ കണ്ണിൽ നോക്കി, അമ്മയുടെ ചുണ്ടിന്റെ ചലനങ്ങൾ അവൻ/അവൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
2. കുട്ടികൾ സംസാരിക്കുമ്പോൾ അമ്മ ചെയ്യുന്ന ജോലികൾ നിർത്തി വച്ച് ശ്രദ്ധാപൂർവ്വം കേൾക്കുകയും, ചോദ്യങ്ങൾ ചോദിക്കുകയും, ആശയങ്ങൾ കൈമാറുകയും ചെയ്യുക.
3. കുട്ടികൾക്ക് ദിവസവും ചിത്രകഥകളും മറ്റും വായിച്ച് കേൾപ്പിക്കുന്നത് പതിവാക്കുക. അതോടൊപ്പം കളികളിൽ പങ്കാളികളാക്കുക.
4. കുട്ടികളുമായി സംസാരിക്കുമ്പോൾ വളരെ ലളിതമായ ഭാഷ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക.
5. കുട്ടികൾ സംസാരിക്കുമ്പോൾ അവർ പറയുന്നത് പൂർണ്ണമായും ശരിയല്ലെങ്കിൽ പോലും അവരെ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.
6. കുട്ടിയോടൊപ്പം നടക്കുമ്പോൾ ചുറ്റുപാടും കാണുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും പറഞ്ഞുകൊടുക്കുക.
7. കുട്ടികളുടെ കൊഞ്ചിക്കൊഞ്ചിയുള്ള സംസാരം മുതിർന്നവർ അനുകരിക്കാതിരിക്കുക. അങ്ങനെ അനുകരിക്കുമ്പോൾ ഓരോ വാക്കിന്റെയും ശരിക്കുള്ള ഉച്ചാരണം എന്താണെന്ന് മനസ്സിലാക്കുവാൻ കുട്ടിയ്ക്ക് കഴിയാതെ വരും.
8. കുടുംബാംഗങ്ങൾ കൂടാതെ വീടിനു പുറത്തുള്ള മറ്റു കുട്ടികളുമായി കളിക്കാനും ഇടപഴകുവാനും കുട്ടിയെ അനുവദിക്കുക.
9. കുട്ടി ടെലിവിഷൻ കാണുന്ന സമയം പരിമിതപ്പെടുത്തുക. കാരണം, കാണുകയും കേൾക്കുകയും ചെയ്യുന്നതു കൊണ്ട് മാത്രം കുട്ടിയ്ക്ക് സംസാരിക്കുവാനോ പ്രവർത്തിക്കുവാനോ ഉള്ള അവസരം ലഭിക്കുന്നില്ല.
10. സംസാരഭാഷാ വ്യതിയാനങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതു വഴി കുട്ടിയ്ക്ക് ഭാവിയിൽ ഉണ്ടാകാവുന്ന സംസാര-ഭാഷാ- പഠനവൈകല്യങ്ങളെ തടയാവുന്നതാണ്.

സംസാരഭാഷാ വികസനം അമ്മയും കുഞ്ഞുമായുള്ള ഇടപഴകലിനേയും ആശയ വികസനത്തേയും ആശ്രയിച്ചിരിക്കുന്നു. അതു കൊണ്ടു തന്നെ അമ്മ വീട്ടുകാര്യങ്ങൾ നോക്കുമ്പോൾ തന്നെ കുട്ടിയുമായി സംസാരിച്ചു കൊണ്ടിരിക്കുക.

*തയ്യാറാക്കിയത്:*
**Dr. M.K.C. Nair, Dr. Babu George, Dr. Princely P.**



**Clinical Services**
**Research**
**Training**
**Community Extension Services**



"Reduction of Childhood Disability"

Child Development Centre

CDC KERALA

**Child Development Centre**

# കുട്ടികളിലെ സംസാരഭാഷാ വികസനവും പ്രചോദന മാർഗ്ഗങ്ങളും

# (Speech Stimulation for Children)



**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org



ആശയവിനിമയത്തിനുള്ള കഴിവ് വളർത്തിയെടുക്കുക എന്നത് ഓരോ മനുഷ്യന്റെയും അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്. നമ്മുടെ ജീവിത ചക്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് ഭാഷയുടെ വികാസം. മിക്ക കുട്ടികൾക്കും സംസാരഭാഷാവികസനം പൊതുവേ പ്രശ്നങ്ങളൊന്നുമില്ലാതെ നടക്കുന്ന ഒരു പ്രക്രിയയാണ്. ഒരു കുട്ടി ജനിച്ച് ആദ്യ കരച്ചിലിലൂടെത്തന്നെ അവൻ ആശയ വിനിമയം നടത്തുന്നു. സംസാരശേഷി കൈവരിക്കുന്നതിനു മുൻപ് നോട്ടത്തിലൂടെയും ശബ്ദാനുകരണത്തിലൂടെയും ആംഗ്യഭാഷയിലൂടെയും എല്ലാം അവൻ തന്റെ ആശയവിനിമയം സാധ്യമാക്കുന്നു. ഏതാണ്ട് ഒരു വയസ്സോടു കൂടി ഭൂരിഭാഗം കുട്ടികളും സംസാരശേഷി കൈവരിച്ചു തുടങ്ങുന്നു. ആദ്യം ചെറിയ വാക്കുകളിലൂടെയും പിന്നെ വാക്യങ്ങളിലൂടെയും കുട്ടികൾ ആ കഴിവ് വളർത്തിയെടുക്കുന്നു.

### സംസാര - ഭാഷാ പ്രചോദനമാർഗ്ഗങ്ങളുടെ ആവശ്യകത എന്താണ്?

ജനനസമയം മുതൽ ശബ്ദവും സംഭാഷണവും തിരിച്ചറിയാനുള്ള കഴിവും കേൾക്കുന്ന ശബ്ദങ്ങൾ അനുകരിക്കാൻ ശ്രമിക്കുന്നതിലൂടെയുമാണ് കുട്ടികൾ സംസാരിച്ചു തുടങ്ങുന്നത്. അതിനാൽ സംസാരവൈകല്യമുള്ള എല്ലാ കുട്ടികൾക്കും ശ്രവണ ശക്തി പരിശോധിക്കേണ്ടുന്നത് അത്യാവശ്യമാണ്. സംസാരഭാഷാ വികാസത്തിനുണ്ടാകുന്ന താമസം ഒരു കുഞ്ഞിന്റെ ബുദ്ധിപരവും ശാരീരികവുമായ വികാസങ്ങൾക്ക് തടസ്സമാകാം. ഈ പ്രശ്നങ്ങൾ കാലേ കൂട്ടി മനസ്സിലാക്കുകയും അതു പരിഹരിക്കുന്നതിനു വേണ്ടി സമയബന്ധിതവും അനുയോജ്യവുമായ പരിശീലന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമാണ് സി.ഡി.സി. സംസാരശേഷിയിലും ഭാഷാ നൈപുണ്യത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മറ്റെല്ലാ കുട്ടികളേയും പോലെ സാധാരണ ജീവിതത്തിലേക്ക് അതിവേഗം കൊണ്ടു വരാൻ സാധിക്കുന്ന ലളിതമായ പരിശീലനമാർഗ്ഗങ്ങളാണ് സി.ഡി.സി. യിലെ സ്പീച്ച് സ്റ്റിമുലേഷൻ ക്ലിനിക്കിൽ അവലംബിക്കുന്നത്. ഇതോടൊപ്പം മാതാപിതാക്കൾക്കു വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നു.

### സംസാര ഭാഷാവൈകല്യങ്ങൾ നിർണ്ണയിക്കുന്നതെങ്ങനെ?

കുഞ്ഞിന് എത്രത്തോളം സംസാരഭാഷയിലും ആശയവിനിമയത്തിലും വൈകല്യമുണ്ടെന്നും, ഏതു രീതിയിലുള്ള പരിഹാര മാർഗ്ഗങ്ങളാണ് ആ കുഞ്ഞിനു വേണ്ടതെന്നും തീരുമാനിക്കുന്ന പ്രവർത്തനത്തെയാണ് ഭാഷയുടെ മൂല്യനിർണ്ണയം എന്നു പറയുന്നത്. കുഞ്ഞുങ്ങളിലെ സംസാരഭാഷാ വ്യതിയാനങ്ങൾ കാലേകൂട്ടി നിർണ്ണയിക്കുവാൻ സഹായിക്കുന്ന മൂല്യനിർണ്ണയ സൂചികയാണ് സി.ഡി.സി. രൂപപ്പെടുത്തിയ Language Evaluation Scale Trivandrum (LEST) .

6 വയസ്സുവരെയുള്ള കുട്ടികളിലെ സംസാരഭാഷാ വ്യതിയാനങ്ങളെ കണ്ടു പിടിക്കുവാൻ സഹായിക്കുന്ന ലളിതമായ ഒരു സൂചികയാണ് ഇത്. ഈ സൂചിക ചെറിയ പരിശീലനം നേടിയ അമ്മയ്ക്കോ ആരോഗ്യ പ്രവർത്തകർക്കോ ഉപയോഗിക്കാവുന്നതാണ്.

ഇതിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിലൂടെ കുഞ്ഞിന്റെ ശ്രവണ, സംസാര ഭാഷ എന്നിവയുടെ നാഴികക്കല്ലുകൾ മനസ്സിലാക്കാവുന്നതാണ്. ഈ സൂചികയിലെ ഏതെങ്കിലും ഒരു ചോദ്യത്തിനെങ്കിലും ശരിയായ രീതിയിൽ പ്രതികരിക്കാത്ത കുട്ടിയെ ശിശുരോഗ വിദഗ്ധനേയോ, സ്പീച്ച് തെറാപ്പിസ്റ്റിനേയോ കാണിക്കേണ്ടത് അത്യാവശ്യമാണ്.

### പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെ?

ഭാഷയിലും സംസാരത്തിലും താമസം നേരിടുന്ന കുട്ടികൾക്ക് ആരംഭത്തിൽ തന്നെ പ്രോത്സാഹനം നൽകുന്നതു വഴി അവരുടെ സംസാരം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയും. ഇതിനു വേണ്ടി ഒരു Speech Therapist - ന്റെ സേവനം അത്യന്താപേക്ഷിതമാണ്. ഇവർ മൂല്യനിർണ്ണയത്തിനു ശേഷം കുട്ടിയ്ക്കാവശ്യമായ Speech Therapy കൊടുക്കുകയും വീട്ടിൽ മാതാപിതാക്കൾക്ക് ചെയ്യാവുന്ന കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു.

### വീട്ടിൽ വച്ചുനൽകാവുന്ന പരിശീലനങ്ങൾ

- വീട്ടിൽ കുഞ്ഞിന് ഭാഷാ പരിശീലനം നൽകേണ്ടത് അമ്മയോ വീട്ടിലുള്ള മറ്റംഗങ്ങളോ ആണ്.
- കളികളിലൂടെ ആയിരിക്കണം പരിശീലനം നൽകേണ്ടത്.
- വളരെ വ്യക്തമായി അമ്മ കുഞ്ഞിന് കാര്യങ്ങൾ പറഞ്ഞുകൊടുക്കണം.
- വീട്ടിലുള്ള അംഗങ്ങളേയും ചുറ്റുപാടിനെയും കുറിച്ച് കുഞ്ഞിനെ പരിചയപ്പെടുത്തണം.
- കുഞ്ഞുമായി ചിലവഴിക്കുന്ന സമയമൊക്കെയും ചിത്രങ്ങൾ കാണിച്ചു കൊടുത്തും, ആംഗ്യങ്ങൾ കാണിച്ചും, ചുറ്റുപാടും കാണുന്ന മൃഗങ്ങളേയും പക്ഷികളേയും കുറിച്ചുമൊക്കെ അവന്/അവൾക്ക് പറഞ്ഞുകൊടുക്കണം.
- പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ അമ്മ കുഞ്ഞിനോട് ആവർത്തിച്ചാവർത്തിച്ച് ചോദിക്കണം.
- ഇങ്ങനെ ചോദിക്കുന്നതുകൊണ്ട് കുഞ്ഞിന്റെ ഓർമ്മ ശക്തി മെച്ചപ്പെടുത്തുവാനും, കാര്യങ്ങൾ മനസ്സിലാക്കി സംസാരിക്കുവാനും കുഞ്ഞിന് കഴിയുന്നു.

